# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228 — 20.06.2012-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രി ജീവനക്കാരുടെ യോഗ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) :<br>,, എ.കെ.ബാലൻ :<br>,, ശ്രീമതി പി.അയിഷാ പോറ്റി :<br>,, കെ.സുരേഷ് കുറുപ്പ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ- പാരാമെഡിക്കൽ ജീവനക്കാരുടെ യോഗ്യത ഉറപ്പാക്കാൻ ആരോഗ്യ വകുപ്പിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇവരുടെ സേവന വ്യവസ്ഥകൾ നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (എ) & (ബി) :<br><br>നിലവിൽ സംവിധാനങ്ങളൊന്നുമില്ല. എന്നാൽ സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വന്നു കഴിഞ്ഞാൽ യോഗ്യത ഉള്ളവരെ മാത്രമേ ആശുപത്രികളിൽ നിയമിക്കാൻ പാടുള്ളു എന്ന വ്യവസ്ഥ നിലവിൽ വരും. അതിൻശേഷം ഇത്തരം പരാതികൾ ഉണ്ടാകുവാൻ സാദ്ധ്യത ഇല്ല. ഈ ബില്ലിന്റെ നടപടികൾ പുരോഗമിക്കുന്നു. |
| (സി) നിയമാനുസൃത യോഗ്യതയില്ലാത്തവരെ നിയമിച്ചതിന്റെ പേരിലും സേവന വ്യവസ്ഥകൾ നിയമാനുസൃതമല്ലാത്തതിന്റെ പേരിലും ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിയമാനുസൃതം നടപ്പിലാക്കിയിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം കേസുകളിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ